# <u>ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം</u>

**ഹാജർ : യു.വി. ജോസ്. ഐ.എ.എസ്സ്. (റിട്ട.)**

വിഷയം:- ത.സ്വ.ഭ.വ - ശുചിത്വ മിഷൻ - സംസ്ഥാനത്ത് അജൈവ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിലേയ്ക്ക് സ്വകാര്യ ഏജൻസികൾക്ക് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

പരാമർശം:-1. ജില്ലാ ശുചിത്വ മിഷനുകളിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ട്.

2. ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ 13.03.2024 -ൽ ചേർന്ന യോഗതീരുമാനം.

നം: 944/C2/2024/SM തീയതി: 14.03.2024

സംസ്ഥാനത്ത് അജൈവമാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിലേയ്ക്കായി നിലവിൽ ഈ രംഗത്ത് പ്രവർത്തിക്കുന്ന സ്വകാര്യ ഏജൻസികളെ എംപാനൽ ചെയ്യുന്നതിന് സർക്കാരിൽ നിന്നും നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ, ജില്ലകളിൽ അജൈവ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്ന സ്വകാര്യ ഏജൻസികളുടെ പ്രവർത്തനങ്ങൾ പരിശോധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് എല്ലാ ജില്ലാ മിഷനുകളോടും ആവശ്യപ്പെട്ടിരുന്നു. ഇതനുസരിച്ച് ഏജൻസികളുടെ ഗോഡൗൺ സൗകര്യം, മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി, ഫോർവേർഡ് ലിങ്കേജ്, സിമന്റ് ഫാക്ടറികളുമായുള്ള കരാർ, ജി.പി.എസ്. സംവിധാനമുള്ള വാഹനങ്ങളുടെ ലഭ്യത എന്നിവ പരിശോധിച്ച് പരാമർശം (1) പ്രകാരം ജില്ലാ ശുചിത്വ മിഷനുകളിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു. പരാമർശം (2) പ്രകാരം 13-03-2024-ൽ ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ജില്ലാ മിഷനുകളിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ട് പരിശോധിച്ച് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഏജൻസികൾക്ക് അംഗീകാരം നൽകുന്നതിന് എക്സിക്യൂട്ടീവ് ഡയറക്ടർ നിർദ്ദേശിച്ചിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ പരാമർശം (2) തീരുമാനത്തിന് വിധേയമായി അനുബന്ധത്തിൽ പറയും പ്രകാരമുള്ള ഏജൻസികളെ അജൈവമാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിലേയ്ക്ക് ശുചിത്വ മിഷന്റെ അംഗീകൃത സേവനദാതാക്കളായി ചുവടെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി അംഗീകാരം നൽകി ഇതിനാൽ ഉത്തരവാകുന്നു. ടി ഏജൻസികളുടെ സേവന കാലാവധി **ഈ ഉത്തരവ് തീയതി മുതൽ 2 വർഷം** വരെ ആയിരിക്കും.

<u>നിബന്ധനകൾ</u>

1. ഏജൻസികളുടെ കാലാവധി **ഈ ഉത്തരവ് തീയതി മുതൽ 2 വർഷം വരെ** ആയിരിക്കും. ആയതിന് ശേഷം യോഗ്യതാ നിർണയം നടത്തി കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അംഗീകാരം പുതുക്കി നൽകുന്നതാണ്.
2. സേവനദാതാക്കൾ എല്ലാ വർഷവും ഏപ്രിൽ 30-ന് മുമ്പായി തങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഏറ്റെടുത്ത് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിവരങ്ങൾ, പ്രവൃത്തി നിർവ്വഹണ ഉത്തരവിന്റെ പകർപ്പ് (വർക്ക് ഓഡർ), വാർഷിക ഓഡിറ്റഡ് സ്റ്റേറ്റ്മെന്റിന്റെ പകർപ്പ് എന്നിവ ശുചിത്വമിഷനിൽ ലഭ്യമാക്കേണ്ടതാണ്.
3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ അതാത് മേഖലകളിലുള്ള എല്ലാ സേവനദാതാക്കൾക്കും തങ്ങളുടെ ഓഫർ നൽകുവാൻ അവസരം

നൽകുന്ന രീതിയിൽ രേഖാമൂലമുള്ള അറിയിപ്പുകൾ നൽകേണ്ടതാണ്. ടെൻഡർ നടപടിക്രമങ്ങളിൽ പങ്കെടുത്തുകൊണ്ട് മാത്രമേ സേവനദാതാക്കൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവൃത്തി ഏറ്റെടുക്കുവാൻ പാടുള്ളൂ.

4. ഈ മേഖലയിൽ നിലവിലുള്ള സർക്കാർ ഉത്തരവുകളും, മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ചു വേണം സേവനദാതാക്കൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സേവനം നൽകേണ്ടത്.
5. സേവന ദാതാക്കൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരം അവരവർക്കു അംഗീകാരം ലഭിച്ചിട്ടുള്ള സേവന മേഖലയിൽ മാത്രമേ പ്രവർത്തികൾ ഏറ്റെടുത്തു നടപ്പിലാക്കാൻ പാടുള്ളൂ.
6. ഏജൻസികൾ എംപാനൽമെന്റിനായി ലഭ്യമാക്കിയ രേഖകൾ പ്രകാരമുള്ള ഗോഡൗൺ സൗകര്യം, മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി, ഫോർവേർഡ് ലിങ്കേജ്, സിമന്റ് ഫാക്ടറികളുമായുള്ള കരാർ, ജി.പി.എസ്. സംവിധാനമുള്ള വാഹനങ്ങളുടെ ലഭ്യത എന്നിവ എംപാനൽമെന്റ് കാലാവധി തീരും വരെ തുടർന്നും ഉറപ്പു വരുത്തേണ്ടതാണ്.
7. ഫോർവേർഡ് ലിങ്കേജ്, റിജക്ട് മാലിന്യം കൈമാറൽ എന്നിവയ്ക്കായി നിലവിൽ ഉള്ള കരാറുകൾ, ആയവയുടെ കാലാവധി തീരുന്ന മുറയ്ക്ക് പുതുക്കേണ്ടതാണ്.
8. മേൽ നിബന്ധനകൾ ലംഘിക്കുന്ന പക്ഷം യാതൊരു മുന്നറിയിപ്പും കൂടാതെ ഏജൻസിയുടെ അംഗീകാരം റദ്ദു ചെയ്യുന്നതിനു ശുചിത്വ മിഷന് അധികാരമുണ്ടായിരിക്കുന്നതാണ്.
9. ഏജൻസികളെക്കുറിച്ച് എന്തെങ്കിലും പരാതികൾ പൊതുജനങ്ങളിൽ നിന്നോ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ ഉണ്ടാകുന്ന പക്ഷം ശുചിത്വമിഷൻ അത് ഗൗരവമായി കണ്ട് മേൽ നടപടി കൈക്കൊള്ളുന്നതാണ്.

ഉള്ളടക്കം : അനുബന്ധം- ഏജൻസികളുടെ പട്ടിക.

Sd/-
U.V Jose IAS (Retd) *
എക്സിക്യൂട്ടീവ് ഡയറക്ടർ

സ്വീകർത്താവ്

എല്ലാ ഏജൻസികൾക്കും.

പകർപ്പ്

1. പ്രിൻസിപ്പൽ ഡയറക്ടർ, ത.സ്വ.ഭ.വ, (അറിവിലേയ്ക്കായി)
2.ഡയറക്ടർ LSGD(Urban)(അറിവിലേയ്ക്ക്)
3.ഡയറക്ടർ LSGD(Rural)(അറിവിലേയ്ക്ക്)
4. ചീഫ്എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
5. എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
6. എല്ലാതദ്ദേശ സ്വയംഭരണസ്ഥാപന സെക്രട്ടറിമാർക്കും (ജില്ലാ കോ-ഓർഡിനേറ്റർമാർ മുഖേന)
7. ബന്ധപ്പെട്ട എല്ലാ സേവന ദാതാകൾക്കും
8. കില, മുളങ്കുന്നത്തുകാവ്, തൃശ്ശൂർ

9. എസ്.ഐ.ആർ.ഡി, കൊട്ടരക്കര
10. വെബ്സൈറ്റ്, ഓഫീസ്കോപ്പി/കരുതൽ ഫയൽ.

* This is a computer system (Digital File) generated letter. Hence there is no need for a physical signature.

അനുബന്ധം

| Sl. No | Name and details of agencies | Districts at which agency is having godowns |
|---|---|---|
| 1. | Green Tech Eco Consultancy<br>Pranavam, Pragathi Nagar 47, Kilikolloor, Kollam | KLM |
| 2. | Pandas World Eco Solutions<br>1/733 KOTTARA MEEYANNOOR P.O, KOLLAM, KERALA -691524 | KLM |
| 3. | Ever Green Eco Solutions (Green Life)<br>23/226A Mannanchery, Kalavur, Alappuzha | ALP |
| 4. | Ekaiva Eco Solutions<br>Nerikuzhi building, Karikode, Kottyam | KTM |
| 5. | Cee Kay Green Care Agency<br>29/1802 (24/1640 a)kendriya bhandhar, bristow road, w/island, kerala,ernakulam-682003 | ERM |
| 6. | Baymax Waste Management Solutions<br>12/750 Alangad,Panayikulam Kara,Masjid Road,Aluva | ERM |
| 7. | Konaris Advanced Polymers<br>1/458, Industrial Development Plot, West Hill, Kozhikode-673005 | ERM, WYD, KKD |
| 8. | Malabar Eco solutions Pvt Ltd<br>Door No 10/10, Thottathodi, Kovilakam Road, Mankada PO, Malappuram DT, Kerala - 679324 | PKD |
| 9. | Green Worms Eco Solutions LLP<br>West Hill, Chungam, 140 B,<br>The Crest Building, Varakkal Road Junction, KKD-673005 | MLP, WYD, KZD |
| 10. | Univrsal Biogas<br>20/1145A14, 2 nd Floor, Calicut Bussiness Centre, Kallayi, Calicut, Kerala | MLP, KZD |

| | | |
|---|---|---|
| 11. | Shudhi Solutions<br>25/325 C3,MANALODY,NILAMBUR | MLP |
| 12. | Thalir Zero Waste<br>Vythiri Chundale, Wayanad-673123 | WYD |
| 13. | Thiruvonam Eco Industries Pvt Ltd<br>5/4A Mademmakulam Road, Olayambadi P.O,<br>Kannur-670306 | WYD |
| 14. | Royal MRC<br>Ground Floor Prince Arcade 8/229/b<br>Mananthavady Kalpetta Road Kalpett,Wayanad<br>673122 | WYD |
| 15. | Thiruvonam Eco Industries Pvt Ltd<br>5/4A Mademmakulam Road, Olayambadi P.O,<br>Kannur-670306 | KNR |
| 16. | Mahyoobah Waste Management<br>AGPW 13-898, Thekepalli Building,<br>Thekkepuram, Athinhal, Manikoth P.O,<br>Kanghangad-671316, Kasaragod | KSGD |